

2026-JANUARY

# SNHSS -E PATHRAM-11

VOLUME-11

Published by little kites SNHSS N PARAVUR School code:25068 Email id:snhssnorthparavur@gmail.com

# 74 –ാം സ്കൂൾ വാർഷികം ആഘോഷിച്ചു

### സ്കൂൾ വാർഷികവും അധ്യാപക രക്ഷകർത്തൃദിനവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പുംനടത്തി.

### കയ്യെഴുത്തുമാസിക പ്രകാശനം ചെയ്തു.

ശ്രീനാരായണ ഹയർ സെക്കന്ററി സ്കൂളിലെ വാർഷികാഘോഷവും അധ്യാപക രക്ഷകർത്തൃദിനവും വിരമിക്കുന്ന അധ്യാപകർക്കുള്ള യാത്രയയപ്പും 2026 ജനുവരി 19,20 തിയ്യതികളിൽ നടന്നു.19 ന് 10 മണിക്ക് പരിപാടികൾ ആരംഭിച്ചു. പാർവ്വതി എസ്, ദേവനന്ദ വി ഡി, ഇവാഞ്ചൽ ഷിജോ, കൃഷ്ണതേജസ്സ് ടി ബി എന്നിവർ ആങ്കറിങ് ചെയ്തു. 6 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾ ഏകദേശം അറുപതോളം കലാപരിപാടികൾ അവതരിപ്പിച്ചു.

2026 ജനുവരി 26 ന് 9.30 ന് വാർഷിക സമ്മേളനം ആരംഭിച്ചു. വിശിഷ്ട വ്യക്തികളെയും അതിഥികളെയും ബാൻഡ്, ചെണ്ടമേളം എന്നിവയോടെ സ്വീകരിച്ചു. സ്കൗട്ട്സ്, ഗൈഡ്സ്, SPC, NCC, നേവൽ NCC JRC കുട്ടികൾ അണിനിരന്ന് സ്വീകരണചടങ്ങിനു മോടി കൂട്ടി.

പറവൂർ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീ രമേഷ് ഡി കുറുപ്പ് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ശ്രീ പി എസ് ഹരിദാസ് അധ്യക്ഷനായിരുന്നു. ഡെപ്യൂട്ടി ഹെഡ് മിസ്ട്രെസ് ശ്രീമതി ബിജിമോൾ വി ജി സ്വാഗതം ആശംസിച്ചു.ഹയർ സെക്കന്ററി പ്രിൻസിപ്പൽ ശ്രീമതി സി എസ് ജാസ്മിൻ റിപ്പോർട്ട് അവതരിപ്പിച്ചു.സ്കൂളിലെ യു പി, ഹൈസ്കൂൾ വിഭാഗം കുട്ടികൾ തയ്യാറാക്കിയ കയ്യെഴുത്തു മാസിക "നൈവേദ്യം "മുഖ്യാതിഥി – മിമിക്രി, സിനിമാ കലാകാരനായ ശ്രീ സൈനൻ കെടാമംഗലം പ്രകാശനം ചെയ്തു.സർവ്വീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകരായ ശ്രീമതി ജാസ്മിൻ ടീച്ചർ,



ഹെഡ്മിസ്ട്രെസ് ശ്രീമതി ടി ജെ ദീപ്തി ടീച്ചർ, ശ്രീമതി ഇ വി ഷീബ ടീച്ചർ, ശ്രീ ഹോച്മീൻ സർ, ശ്രീമതി ജ്യോതി ടീച്ചർ, ശ്രീമതി സി എസ് റോഷ്നി ടീച്ചർ, ശ്രീമതി കെ ഡി സിന്ധു ടീച്ചർ എന്നിവർക്ക് ഉപഹാരം സമർപ്പിച്ചു.

പറവൂർ നഗരസഭ ചെയർപേഴ്സൺ രമേഷ് ഡി കുറുപ്പ്, പൊതുമരാമത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ജലജ രവീന്ദ്രൻ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ ഹരിദാസൻ കെ ജി, പ്രതിപക്ഷ നേതാവ് ശ്രീ സി എ രാജീവ് എന്നിവരും,മാനേജ്മെന്റ് പ്രതിനിധികളായ പി എസ് ഹരിദാസ്, എസ് എസ് ജ്യോതി, പി ടി എ വൈസ് പ്രസിഡന്റ് വിനുകുമാർ വി, മാതൃസംഗമം ചെയർപേഴ്സൺ പാരീഷ ഹാഷിക്, അധ്യാപകരായ ശ്രീമതി രേഖ പി പി,എം ബി സോന ടീച്ചർ, വിദ്യാർത്ഥി പ്രതിനിധികളായ മാസ്റ്റർ ആദിത്യൻ സി എസ്, കുമാരി ലക്ഷ്പ്രിയ, കുമാരി ദേവി പ്രതിഭ പ്രദീപ്, കുമാരി ദിയ ടി പി, കുമാരി ശിവാനി ബാബു വിശ്വൻ, കുമാരി ദേവനന്ദ വി ഡി എന്നിവർ ആശംസകൾ നേർന്നു. ശ്രീ അനുരാജ് കെ എസ് കൃതജ്ഞത പ്രകടിപ്പിച്ചു.

സർവ്വീസിൽ നിന്ന് വിരമിക്കുന്ന അധ്യാപകരായ ശ്രീമതി ജാസ്മിൻ ടീച്ചർ, ഹെഡ്മിസ്ട്രെസ് ശ്രീമതി ടി ജെ ദീപ്തി ടീച്ചർ, ശ്രീ ഹോച്മീൻ സർ, ശ്രീമതി സി എസ് റോഷ്നി ടീച്ചർ എന്നിവർ മറുപടി പ്രസംഗം നടത്തി.

അതിനുശേഷം കലാ, കായിക, ശാസ്ത്ര, പ്രവൃത്തി പരിചയ രംഗങ്ങളിൽ മികച്ച പ്രകടനം നടത്തിയ വിദ്യാർത്ഥികൾക്ക് മാനേജ്മെന്റ്, സ്റ്റാഫ് അസോസിയേഷൻ, അധ്യാപകർ, മുൻ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവർ ഏർപ്പെടുത്തിയ ട്രോഫികളും ക്യാഷ് അവാർഡുകളും പുരസ്കാരങ്ങളും സമ്മാനിച്ചു.

ഉച്ചക്ക് ശേഷം അഞ്ചാം ക്ലാസ്സിലെയും ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികളുടെ വർണ്ണാഭമായ കലാപരിപാടികൾ അരങ്ങേറി.












# കയ്യെഴുത്തു മാസിക പ്രകാശനം

സ്കൂളിന്റെ വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ യു പി, ഹൈസ്കൂൾ വിഭാഗം കുട്ടികൾ തയ്യാറാക്കിയ കയ്യെഴുത്തു മാസികകളുടെ പ്രകാശനം മുഖ്യാതിഥി, പ്രസിദ്ധ മിമിക്രി കലാകാരനായ സൈനൻ കെടാമംഗലം നിർവ്വഹിച്ചു. യു പി വിഭാഗം കുട്ടികളുടെ മാസിക ഹെഡ്മിസ്ട്രസ് ടി ജെ ദീപ്തി ടീച്ചറും ഹൈ സ്കൂൾ വിഭാഗം കുട്ടികളുടെ മാസികയായ നൈവേദ്യം പ്രിൻസിപ്പൽ ശ്രീമതി സി എസ് ജാസ്മിൻ ടീച്ചറും ഏറ്റുവാങ്ങി.




# പത്താം ക്ലാസ്സ് കുട്ടികൾക്കുള്ള റോബോട്ടിക്സ് മോഡ്യൂൾ പരിശീലനം.

2025–26 അധ്യയന വർഷത്തെ പുതുക്കിയ പത്താം ക്ലാസ്സ് ICT പാഠപുസ്തകത്തിലെ റോബോട്ടിക്സ് എന്ന അധ്യായം LK കുട്ടികളുടെ നേതൃത്വത്തിൽ പരിശീലിപ്പിച്ചു. കൈറ്റ് തയ്യാറാക്കിയ മോഡ്യൂൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ 2026 ജനുവരി 8,9,12 തിയ്യതികളിൽ ആണ് നടത്തിയത്. 2023–26 ബാച്ച് LK അംഗങ്ങളായ ശബരിനാഥ് വി വി, സച്ചിദാനന്ദൻ, സാരംഗ് സി എസ്, എം കെ നന്ദദേവ്, പ്രണവ് ഡി എസ്, ഗോപിക പി ആർ, സഞ്ജന എം എസ്, പാർവതി എസ്, ഗൗരി എം വിജു എന്നീ കുട്ടികളും 2024–27 ബാച്ച് LK അംഗങ്ങളായ കൃഷ്ണതേജസ്ശ റ്റി ബി, അവ്യക്ത എ എ, ആര്യനന്ദ സി എസ്, അഭിനവകൃഷ്ണ, മുഹമ്മദ് റിസ്‌വാൻ, അജ്ഞൻ ബിജു, അഭിനവകൃഷ്ണ എം പി ,എന്നീ കുട്ടികളും പരിശീലനത്തിന് നേതൃത്വം നൽകി. പത്താം ക്ലാസ്സിലെ ഏകദേശം 414 കുട്ടികൾക്ക് പരിശീലനം ലഭിച്ചു.




# റിപ്പബ്ളിക് ദിനാഘോഷം

രാജ്യത്തിന്റെ 77–മത് റിപ്പബ്ലിക് ഡേ സ്കൂളിൽ സമുചിതമായി ആഘോഷിച്ചു.
രാവിലെ 7.30 ന് സ്കൂളിൽ പതാക ഉയർത്തി ആഘോഷപരിപാടികൾ ആരംഭിച്ചു.പ്രിൻസിപ്പൽ, ഹെഡ്മിസ്ട്രെസ് എന്നിവർ ചേർന്ന് പതാക ഉയർത്തി സല്യൂട്ട് സ്വീകരിച്ചു. അതിനു ശേഷം എസ് പി സി, എൻ സി സി, സ്കൗട്ട്, ഗൈഡ്സ്, ജെ ആർ സി, ലിറ്റിൽ കൈറ്റ്സ്, ഹരിതസേന, മറ്റ് വിദ്യാർത്ഥികൾ എന്നിവർ പറവൂർ മുനിസിപ്പാലിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ഘോഷയാത്രയിൽ പങ്കുചേർന്നു. മികച്ച റാലിക്കുള്ള ഒന്നാം സ്ഥാനം നമ്മുടെ സ്കൂൾ കരസ്ഥമാക്കി.ലഘുഭക്ഷണം, മധുരപലഹാര വിതരണത്തോടെ റിപ്പബ്ലിക് ദിനാഘോഷം അവസാനിച്ചു.






## റിപ്പബ്ലിക് ദിന മത്സരവിജയികൾ

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് നടത്തിയ വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ വി ഡി സതീശൻ ആഘോഷവേദിയിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.പ്രസംഗം മത്സരത്തിൽ ഹരിണി സിനോജ്, ക്വിസ് മത്സരത്തിൽ റിത്തിക് കെ എസ് ,നിവിൻ ഷിബിൽ എന്നിവർ സമ്മാനർഹരായി

## ലിറ്റിൽ കൈറ്റ്സ്

2026 ജനുവരി 26 ന് പറവൂർ മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ നടന്ന റിപ്പബ്ളിക് ദിന റാലിയിൽ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ആവേശത്തോടെ പങ്കെടുത്തു.രാവിലെ 7.30 ന് പറവൂർ ബോയ്സ് ഹൈസ്കൂളിൽ നിന്ന് ആരംഭിച്ച റാലി 9 മണിക്ക് കച്ചേരി മൈതാനിയിൽ അവസാനിച്ചു.







റിപ്പബ്ലിക് ദിന മത്സര വിജയികൾക്ക് വി ഡി സതീശൻ എം എൽ എ സമ്മാനം നൽകുന്നു

# ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്

സ്കൂളിലെ വിമുക്തി ക്ലബ്, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവയുടെ നേതൃത്വത്തിൽ ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി 2026 ജനുവരി 13 ന് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നടത്തി. പറവൂർ എക്സൈസ് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ സലാഹുദ്ദീൻ സി കെ ക്ലാസ്സ് നയിച്ചു.ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും ലഹരിയിൽനിന്ന് അകന്നു നിക്കുന്നതിനു സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ക്ലാസ്സിൽ ചർച്ച ചെയ്തു.ഹെഡ്മിസ്ട്രെസ് ടി ജെ ദീപ്തി, ഡെപ്യൂട്ടി എച് എം വി ജി ബിജിമോൾ എന്നിവരും പരിപാടിയിൽ പങ്കെടുത്തു.






# ഗാന്ധി കലോത്സവം

ഞാറക്കൽ ഗാന്ധിപഠനകേന്ദ്രം നടത്തിയ 16–) മത് ഗാന്ധി കലോത്സവത്തിൽ പുല്ലംകുളം സ്കൂളിലെ കുട്ടികൾ മികച്ച വിജയം കരസ്ഥമാക്കി. പ്രസംഗത്തിൽ ഹരിണി സിനോജും കവിതാ പാരായണത്തിൽ ഗൗരിചന്ദനയും ഒന്നാം സ്ഥാനം നേടി.ജനുവരി 28 ന് നടന്ന ഗാന്ധിസ്മൃതി 2026 പരിപാടിയിൽ വച്ച് കുട്ടികൾ സമ്മാനം ഏറ്റുവാങ്ങി.




# ചീഫ്മിനിസ്റ്റേഴ്സ് മെഗാ ക്വിസ്



ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസിന്റെ ഉപജില്ലാ മത്സരത്തിൽ ശ്രീനാരായണ സ്കൂളിലെ കുട്ടികൾക്ക് മികച്ച വിജയം. എട്ടാം ക്ലാസ് വിദ്യാർത്ഥികളായ കാർത്തിക് കെ എസ്, മാനവ് എസ് മേനോൻ എന്നിവർ ജില്ലാതല മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടി.




# നേവൽ എൻ സി സി ആനുവൽ ട്രെയിനിങ് ക്യാമ്പ്

തൃശ്ശൂർ എങ്ങണ്ടിയൂരിൽ വച്ച് നടക്കുന്ന നേവൽ എൻ സി സി ആനുവൽ ട്രെയിനിങ് ക്യാമ്പിൽ വച്ച് നടന്ന ടിൽ മത്സരത്തിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾക്ക് ഒന്നാം സ്ഥാനം ലഭിച്ചു. നേവൽ എൻ സി സി ആനുവൽ ട്രെയിനിങ് ക്യാമ്പിലെ Best Cadet ആയി തിരഞ്ഞെടുക്കപ്പെട്ടത് നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥിയായ HRIDIGA A B ആണ്.സെവൻ കേരള നേവൽ എൻസിസി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എങ്ങണ്ടിയൂർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന വാർഷിക പരിശീലന ക്യാമ്പിന്റെ ഭാഗമായി കേഡറ്റുകൾ പുല്ലഴിയിൽ ഉള്ള സെന്റ് ജോസഫ് മെന്റൽ ഹെൽത്ത് കെയർ ഫോമിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ക്യാമ്പ് കമാൻഡൻസ് ക്യാപ്റ്റൻ ഷിബു ജോൺ, ലെഫ്റ്റനന്റ് കമാൻഡർ ജിതിൻ രാജീവ് എന്നിവർ നേതൃത്വം നൽകി. അവിടെയുള്ള അന്തേവാസികൾക്ക് പുതുവത്സര സമ്മാനവും നൽകുകയാണ് കേഡറ്റുകൾ തിരിച്ചുപോന്നത്





# സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് ക്യാമ്പ്

സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് ക്യാമ്പിന്റെ ഭാഗമായി കുട്ടികൾ കോടതി, പോലീസ് സ്റ്റേഷൻ എന്നിവ സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ബീച്ച് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു.

ക്യാമ്പിന്റെ രണ്ടാം ദിനത്തിൽ കേഡറ്റുകൾ നോർത്ത് പറവൂർ പോലീസ് സ്റ്റേഷൻ സന്ദർശിച്ചു.. DI യുടെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷനിലെ നടപടി ക്രമങ്ങളെക്കുറിച്ച് കേഡറ്റുകൾക്ക് പ്രായോഗിക അറിവ് പകർന്നു നൽകി.

One school one community project ന്റെ ഭാഗമായി തിരഞ്ഞെടുത്ത community പ്രൊജക്റ്റായ ശുഭയാത്ര ബഹുമാനപ്പെട്ട ട്രാഫിക് പോലീസ് ഓഫീസർ തോമസ് sir ഉദ്ഘാടനം ചെയ്തു...




സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് കോടതി സന്ദർശിച്ചപ്പോൾ




കേഡറ്റുകൾ നോർത്ത് പറവൂർ പോലീസ് സ്റ്റേഷൻ സന്ദർശിച്ചപ്പോൾ

## സംസ്ഥാന സ്കൂൾ കലോത്സവം വിജയികൾ



സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മംഗലം കളി മത്സരത്തിൽ പങ്കെടുത്ത് A ഗ്രേഡ് നേടിയ ടീം



ശുഭയാത്ര കമ്മ്യൂണിറ്റി പ്രൊജക്റ്റ് ഉദ്ഘാടനം

## കായികം

കൊട്ടുവള്ളിക്കാട് വച്ച് നടന്ന എറണാകുളം ജില്ലാ സബ്ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ പുല്ലംകുളം ശ്രീനാരായണ ഹയർ സെക്കൻ്ററി സ്കൂൾ ടീം



## ഓർമ്മിക്കേണ്ട തിയ്യതികൾ

**SSLC IT എക്സാം 2026**
2 -2 -26 - 13 -2 -26

**മോഡൽ എക്സാം 2026**
16-2-26 - 20-2-26

**SSLC എക്സാം 2026**
മാർച്ച് 5 - 30